LIBRARY ARCHIVES Kerala Legislative Assembly

ഹോർട്ടികോർപ്പിന്റെ വാഴക്കുല സംഭരണം

67(2786) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ വർഷം ഹോർട്ടികോർപ്പ് വാഴക്കുല സംഭരണം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എത്ര ടൺ വാഴക്കുല സംഭരണം നടത്തിയെന്നും ഏതെല്ലാം സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരിച്ചതെന്നും വ്യക്തമാക്കാമോ?

4-1-2021 മുതൽ 27-06-2021 വരെ 231.5 ടൺ നേന്ത്രൻ ഹോർട്ടികോർപ്പിന്റെ വയനാട് ജില്ലാ സംഭരണ കേന്ദ്രം വഴി സംഭരിച്ചിട്ടുണ്ട്.

(സി) ജില്ലയിൽ ഹോർട്ടികോർപ്പ് സംഭരിച്ച ഉത്പന്നങ്ങളുടെ വില കർഷകർക്ക് നൽകാൻ ബാക്കിയുണ്ടോ?

ഉണ്ട്.

(ഡി) ഉണ്ടെങ്കിൽ എത്ര തുകയാണെന്നും ഇത് അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാമോ എന്നും വ്യക്തമാക്കാമോ?

81,57,158 രൂപ നൽകുവാനുണ്ട്. അടിയന്തരമായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക കടാശ്വാസ കമ്മീഷൻ

68(2787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാർഷിക കടാശ്വാസ കമ്മീഷൻ വഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ?

പരമാവധി കടാശ്വാസ തുക 1 ലക്ഷം രൂപ എന്നത് നിലവിൽ 2 ലക്ഷം രൂപയാക്കിയതും ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ

കടാശ്വാസത്തിന് പരിഗണിക്കുവാൻ തീരുമാനിച്ചതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ 20,00,00,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 19,76,64,765 രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 2,86,37,258 രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 1,87,12,456 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 16,99,74,102 രൂപയും കടാശ്വാസം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) നിലവിൽ കാർഷിക കടാശ്വാസ കമ്മീഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് അറിയിക്കാമോ?

കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ചുവരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു.

കാർഷിക കടാശ്വാസ കമ്മീഷൻ

69 (2788) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ നൽകിവരുന്ന ആനുകൂല്യത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ & ബി) കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ചു വരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31

LIBRARY ARCHIVES Kerala Legislative Assembly